പത്രക്കുറിപ്പ്
23-4-2018

പ്രധാനമന്ത്രി ആവാസ് യോജന-ലൈഫ് പദ്ധതി:

# കേരളത്തിലെ നഗരങ്ങളിൽ സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും വീടു നിർമിച്ചു നൽകാൻ കേന്ദ്രാനുമതി

*ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള നഗരത്തിൽ സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നേട്ടം*

തിരുവനന്തപുരം: 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ-നഗരം) പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നഗരങ്ങളിൽ ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും വീടു നിർമിച്ചു നൽകാൻ കേന്ദ്രാനുമതി ലഭിച്ചു. ലൈഫ് പദ്ധതിയുടെ ഭാഗമായി പി.എം.എ.വൈ(നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വീടു നിർമിച്ചു നൽകുന്നത്. ഇതു പ്രകാരം സംസ്ഥാനത്ത് 82487 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 32 നഗരസഭകളിലായി 5073 വീടുകൾ കൂടി നിർമിക്കാൻ 203 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം 26ന് ഡൽഹിയിൽ നടന്ന കേന്ദ്ര സാങ്ക്ഷനിങ് ആൻഡ് മോണിറ്ററിങ് സമിതിയാണ് പദ്ധതിക്ക് അനുമതി നൽകിയത്. ഇതോടെ കേരളത്തിലെ 93 നഗരസഭകളിൽ സ്വന്തമായി സ്ഥലമുള്ള എല്ലാവർക്കും വീടുകളാകും. 82,487 ഗുണഭോക്താക്കളുടെ വീടുകൾക്കുള്ള അനുമതിയാണ് ആകെ ലഭ്യമായത്. ഇതിനായി 2525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ 2023 വീടുകളുടെ നിർമാണം പൂർത്തിയായി. 23891 വീടുകളുടെ നിർമാണം നടന്നു വരികയാണ്.

ലൈഫ് പദ്ധതിയുടെ ഭാഗമായി പി.എം.എ.വൈ (നഗരം) പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ സ്ഥലമുള്ള ഭവനരഹിതർക്ക് വീടുകൾ നിർമിച്ച് നൽകുന്നതിനുള്ള ധനസഹായം ലൈഫ് പദ്ധതിയുടെ യൂണിറ്റ് നിരക്കു പ്രകാരം നാലുലക്ഷം രൂപയായി ഉയർത്തിക്കൊണ്ട് കഴിഞ്ഞ ഫെബ്രുവരി 28ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം 2017 ഏപ്രിൽ ഒന്നിനു ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് കരാർ വച്ച എല്ലാ ഗുണഭോക്താക്കൾക്കും മുൻകാല പ്രാബല്യത്തോടെ നാലു ലക്ഷം രൂപ വീതം ധനസഹായം ലഭിക്കും. ഇത് പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനനിർമാണം പൂർത്തിയാക്കാൻ ഏറെ സഹായകമാകും. ധനസഹായമായ നാലു ലക്ഷം രൂപയിൽ ഒന്നരലക്ഷം രൂപ കേന്ദ്രം നൽകും. ശേഷിച്ച തുകയിൽ 50,000 രൂപ സംസ്ഥാന വിഹിതവും രണ്ടു ലക്ഷം രൂപ നഗരസഭാ വിഹിതവുമാണ്. ഗുണഭോക്തൃ വിഹിതം നൽകേണ്ടതില്ല എന്നതും ഗുണഭോക്താക്കൾക്ക് സഹായകരമാണ്.

പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ചേരിവികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർബിൾ ഹൗസിങ്ങ് സ്കീം, വ്യക്തിഗത നിർമാണം എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് ഗുണഭോക്തൃ കേന്ദ്രീകൃത ഭവനിർമാണം എന്ന ഘടകത്തിലുള്ള ഈ പദ്ധതി നടപ്പാക്കുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**